**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4651** **13-03-2023 - ൽ മറുപടിയ്ക്ക്**

**ആചാര സ്ഥാനികർക്ക് നൽകുന്ന വേതനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഉത്തര മലബാർ തീയ്യ സമുദായ ക്ഷേത്ര സംരക്ഷണ സമിതിയിലെയും മറ്റ് സമുദായങ്ങളിലെയും ആചാര സ്ഥാനികർക്കും കോലധാരികൾക്കും നിലവിൽ നൽകി വരുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | പ്രതിമാസം 1400/- രൂപ വിതം നൽകി വരുന്നു. |
| (ബി) | പ്രസ്തുത വേതനം മുടങ്ങിക്കിടക്കുകയാണോയെന്നും എങ്കിൽ എത്ര മാസത്തെ കുടിശിക ഉണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | നിലവൽ 9 മാസത്തെ വേതനം കൊടുത്ത് തീർക്കാനുണ്ട്. |
| (സി) | കുടിശിക നിവാരണത്തിനുള്ള തടസ്സം എന്താണെന്നും എപ്പോൾ കൊടുത്ത് തീർക്കുമെന്നും നിലവിൽ നൽകിവരുന്ന വേതനം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | പ്രതിവർഷ ബഡ്ജറ്റ് അലോട്ട്മെന്റ് തുകയായ 1,25,00,000/- രൂപ തികച്ചും അപര്യപ്തമാണ്. എന്നാൽ 2023 - 2024 ലെ ബഡ്ജറ്റ വിഹിതം 2,50,00,000/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്. കൂടാതെ കുടിശ്ശിക അടക്കം വിതരണം ചെയ്യുന്നതിന് അധികമായി 5.5 കോടി രൂപ സബ്ജക്ട് കമ്മിറ്റി മുമ്പാകെ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ നൽകിവരുന്ന വേതനം 2000/- രൂപയായി വർധിപ്പിക്കുന്ന കാര്യവും പരിശോധനയിലാണ്. |
| (ഡി) | വേതനം ലഭിച്ചുകൊണ്ടിരിക്കെ ആചാരസ്ഥാനികർ മരണപ്പെട്ടാൽ ആ സ്ഥാനത്ത് പുതിയതായി കലശം കുളിച്ച ആചാരം വഹിച്ച സ്ഥാനികന്മാരുടെ അപേക്ഷ സ്വീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള അപേക്ഷ സ്വീകരിക്കാത്തത് എന്ന് മുതലാണെന്നും ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (ഡി) | പുതിയ ഗുണഭോക്താക്കളെ ചേർക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ